പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1838 10.02.2020-ൽ മറുപടിയ്ക്ക്

**ഡ്രൈവിംഗ് ലൈസൻസിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം. |
| (ബി) | ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കാൻ ഡ്രൈവിംഗ് പരിശോധനയ്ക്ക് എത്ര ദിവസം കാത്തിരിക്കണമെന്നും ലൈസൻസ് ലഭിക്കാനുള്ള സമയം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | ഓൺലൈൻ മുഖാന്തിരം ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. അതാത് ഓഫീസിലെ അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ലേണേഴ്സ് അപേക്ഷകരുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ ലേണേഴ്സ് ടെസ്റ്റിന് ഹാജരാകുവാനുള്ള തീയതി ലഭിക്കും. ടി തീയതിയിൽ ലേണേഴ്സ് ടെസ്റ്റിന് ഹാജരായി ടെസ്റ്റ് പാസ്സാകുമ്പോൾ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുവാനുള്ള തീയതി ലഭിക്കും. നിലവിൽ 2 മാസത്തിനുള്ളിലുള്ള ഒരു തീയതി ലഭിക്കും. |
| (സി) | ഡ്രൈവിംഗ് ലൈസൻസിന് അപേക്ഷിക്കുന്ന ഒരാൾക്ക് ടെസ്റ്റിനുവേണ്ടി മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ഇപ്പോൾ നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മാസങ്ങളോളം കാത്തിരിക്കേണ്ടതായ അവസ്ഥ നിലവിലില്ല. കേന്ദ്ര സോഫ്റ്റ് വെയറായ സാരഥിയിലൂടെയാണ് നിലവിൽ പുതിയ ലൈസൻസ് സംബന്ധമായ സേവനങ്ങൾ ലഭിക്കുന്നത്. പുതിയ സോഫ്റ്റ് വെയറിലേക്ക് മാറിയതിലുള്ള ചെറിയ കാലതാമസമല്ലാതെ മാസങ്ങളോളം കാത്തിരിക്കേണ്ടതായ അവസ്ഥ ഇല്ല. |
| (ഡി) | ഒരു മാസത്തെ അവധിക്ക് നാട്ടിൽ വരുന്ന പ്രവാസികൾക്കും മറ്റും ഇതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സാരഥി സോഫ്റ്റ് വെയറിലൂടെ എവിടെ നിന്നും അപേക്ഷകന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ലേണേഴ്സ് ലൈസൻസ് ലഭിച്ച ശേഷം നിലവിലെ നിയമപ്രകാരം ചുരുങ്ങിയത് 30 ദിവസം കഴിഞ്ഞ് മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുവാനുള്ള തീയതി ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ